# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 521 24.07.2015-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, അൻവർ സാദത്ത് :<br>,, എ. റ്റി. ജോർജ് :<br>,, ഷാഫി പറമ്പിൽ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വിദ്യാലയാന്തരീക്ഷം ആരോഗ്യപൂർണ്ണമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ; | (എ) | ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ - വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ 10% ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. അതുകൊണ്ടുള്ള പ്രയോജനം 13655 സ്കൂളുകളിലെ 46 ലക്ഷത്തോളം കുട്ടികൾക്ക് ലഭ്യമാകും.<br>പദ്ധതിയുടെ പ്രധാനപ്പെട്ട സവിശേഷത സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രത്യേകമായി നിയമിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരാണ് എന്നുള്ളതാണ്.<br>**പ്രധാന ഘടകങ്ങൾ**<br>**ചികിത്സാ സേവനം :**<br>➢ ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽവെച്ചുതന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.<br>➢ മാസത്തിലൊരിക്കൽ ആരോഗ്യ പ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ അടുത്തുള്ള പി.എച്ച്.സി.യിൽ വൈദ്യപരിശോധനക്കായി കൊണ്ടുപോകും.<br>➢ വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തും. മരുന്നുകൾ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. |

(.....2)

**പ്രതിരോധ പ്രവർത്തനം :-**

- വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളേയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യപ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.
- വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റു കലാരൂപങ്ങൾ - മുഖേനയുള്ള അവബോധം.
- പ്രതിരോധ കുത്തിവയ്പ്

**ഹെൽത്ത് ക്ലബ്ബ്**

- ഹെൽത്ത് ക്ലബ്ബ് അംഗങ്ങളുടെ ശാക്തീകരണം. ഹെൽത്ത് ക്ലബുകളുടെ തുടർപ്രവർത്തനം

(ബി) കുട്ടികളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളേയും ചിട്ടയായ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കി വിവരങ്ങൾ ഹെൽത്ത് റെക്കോഡിൽ രേഖപ്പെടുത്തുകയും ഇത്തരം പരിശോധനയിലൂടെ കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ അധികൃതരുടേയും മാതാപിതാക്കളുടേയും ശ്രദ്ധയിൽപ്പെടുത്തി അവരുടെ സഹകരണത്തോടെ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ കുട്ടികളെ കൃത്യമായി, തുടർച്ചയായ നിരീക്ഷണം നടത്തുക എന്നത് സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രധാനപ്പെട്ട ചുമതലയാണ്. കൂടാതെ പ്രതിരോധ കുത്തിവയ്പുകളായ ടെറ്റനസ്, റൂബെല്ല വാക്സിനേഷനുകളും നൽകുന്നു. ആരോഗ്യ ബോധവൽക്കരണത്തിനായി വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം മറ്റു കലാരൂപങ്ങൾ മുതലായവ സ്കൂൾ ഹെൽത്ത് നഴ്സുമാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

സ്കൂൾ ഹെൽത്ത് നഴ്സുമാർ ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളുകളിൽവെച്ചുതന്നെ കൈകാര്യം ചെയ്ത് റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും കൃത്യമായി നിരീക്ഷണം നടത്തുകയും ചെയ്യുന്നു.

മാസത്തിലൊരിക്കലോ (അവശ്യഘട്ടങ്ങളിലോ) സ്കൂൾ ഹെൽത്ത് നഴ്സ് പ്രശ്നമുള്ള കുട്ടികളെ അടുത്തുള്ള പി.എച്ച്.സി/സി.എച്ച്.സി -യിൽ വൈദ്യപരിശോധനക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ എത്തിക്കുന്നതാണ്.

വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തിവരുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും.

(......3)

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ അവിഭാജ്യഘടകമാണ് കാലാകാലങ്ങളിൽ നടത്തുന്ന അവലോകനം.

1. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി, സെക്രട്ടറി, ആരോഗ്യ വകുപ്പ്, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവരുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും സ്റ്റേറ്റിൽ നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

2. ജില്ലാതല അവലോകനം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ നടക്കുന്നു.

3. ബ്ലോക്ക് തലത്തിലും, പ്രൈമറി ഹെൽത്ത് സെന്റർ തലത്തിലും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

4. കൂടാതെ സ്കൂൾ ഹെൽത്ത് പ്രോഗ്രാം, കൗമാര ആരോഗ്യ പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനു മാത്രമായി സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ ജില്ലാതല റിവ്യൂ മീറ്റിംഗ് എല്ലാ മാസവും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ